**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണം - കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ 2019-20 സാമ്പത്തികവർഷം നടപ്പിലാക്കുന്ന " അഗ്രഹാരങ്ങളുടെ/വീടുകളുടെ പുനരുദ്ധാരണം/ നവീകരണം പദ്ധതിയ്ക്ക് " ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ. (സാധാ) നം. 5489/2019/പൊഭവ തീയതി, തിരുവനന്തപുരം, 23/09/2019

പരാമർശം :-1) സ.ഉ(സാധാ) നം. 1164/2019/പൊഭവ തീയതി 26/02/2019

2) കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 29.05.2019-ലെ 79/A2/2019/KSWCFC നമ്പർ കത്ത്.

3) 16/8/2019 ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ നടപടിക്കുറിപ്പ്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ മുഖേന മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള "അഗ്രഹാരങ്ങളുടെ/വീടുകളുടെ പുനരുദ്ധാരണം/ നവീകരണം പദ്ധതിയ്ക്ക്" 2018-19 സാമ്പത്തികവർഷത്തിൽ 2235-02-190-97-34-OC (P) എന്ന ശീർഷകത്തിൽ 1140 ലക്ഷം രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും തുക അനുവദിച്ച് നൽകാൻ കഴിഞ്ഞ സാമ്പത്തികവർഷം സാധിച്ചിരുന്നില്ല.

മേൽ സാഹചര്യത്തിൽ നടപ്പു സാമ്പത്തികവർഷം (2019-20) "അഗ്രഹാരങ്ങളുടെ/വീടുകളുടെ പുനരുദ്ധാരണം/ നവീകരണം പദ്ധതിയ്ക്ക്" വകയിരുത്തിയിരിക്കുന്ന 1140 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ട് കഴിഞ്ഞ സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിച്ച 570 വീടുകൾ /അഗ്രഹാരങ്ങളുടെ പുനരുദ്ധാരണം/ നവീകരണത്തിനായി ഭരണാനുമതി നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് പരാമർശം 2 പ്രകാരം മുന്നാക്കസമുദായ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

പ്രൊപ്പോസൽ 16/8/2019 ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിക്കുകയും ഭരണാനുമതി നൽകാൻ തീരുമാനിക്കുകയും ഉണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും നടപ്പുസാമ്പത്തിക വർഷത്തിൽ 2235-02-190-97-34-OC (P) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1140 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ട് കഴിഞ്ഞ സാമ്പത്തികവർഷം ഈ പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിച്ച 570 വീടുകൾ /അഗ്രഹാരങ്ങളുടെ പുനരുദ്ധാരണം/ നവീകരണത്തിനായി ടി പദ്ധതിയ്ക്ക് ചുവടെച്ചേർക്കുന്ന വ്യവസ്ഥകൾ പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- അപേക്ഷകൻ/അപേക്ഷയുടെ കുടുംബ വാർഷിക വരുമാനം എല്ലാ മാർഗ്ഗങ്ങളിൽ നിന്നും രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടുള്ളതല്ല.
- BPL കാർഡുടമകളായ (മുൻഗണന AAY,മുൻഗണന) അപേക്ഷകരെ കുടുബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആദ്യം പരിഗണിക്കും തുടർന്ന് വളരെ വരുമാനം കുറഞ്ഞവർ, **സ്ത്രീകൾ** എന്നിവർക്ക് മുൻഗണന നൽകിയായിരിക്കണം ഗുണഭോക്താക്കളുടെ അന്തിമ പട്ടിക തയ്യാറാക്കേണ്ടത്.

◆ പദ്ധതി വിഹിതത്തിന്റെ 40% തുക അഗ്രഹാരങ്ങളുടെ പുനരുദ്ധാരണത്തിനും ബാക്കി 60% തുക മറ്റ് വീടുകളുടെ (അഗ്രഹാരമല്ലാത്ത) പുനരുദ്ധാരണത്തിനും അനുവദിക്കുന്നതാണ്.

◆ ചുരുക്ക പട്ടികയിൽ ഉൾപ്പെടുന്ന അപേക്ഷകരുടെ വാസസ്ഥലം കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ സെലക്ഷൻ കമ്മിറ്റി പരിശോധനാവിധേയമാക്കുന്നതാണ്.

◆ തെരഞ്ഞെടുക്കപ്പെടുന്ന വീടുകൾ കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ, കോർപ്പറേഷൻ നിയോഗിക്കുന്ന എഞ്ചിനിയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിക്കുന്നതും പുനരുദ്ധാരണം സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമാണ്. അംഗീകരിക്കപ്പെട്ട എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ അർഹരായ ഗുണഭോക്താത്തൾക്ക് ധനസഹായം അനുവദിക്കുന്നതാണ്. പുനരുദ്ധാരണത്തിന്റെ ആവശ്യകത വിലയിരുത്തിയ ശേഷം ആവശ്യമായ തുക മാത്രമേ കോർപ്പറേഷൻ അനുവദിക്കുകയുള്ളൂ.

| **ഘട്ടം** | **നൽകുന്ന തുക** | **നിർമ്മാണ ഘട്ടം** |
|---|---|---|
| ഒന്ന് | അംഗീകൃത എസ്റ്റിമേറ്റിന്റെ 50% | ഗുണഭോക്താവിനെ തിരഞ്ഞെടുക്കുന്ന അവസരത്തിൽ മുൻകൂറായി നൽകുന്നു |
| രണ്ട് | അംഗീകൃത എസ്റ്റിമേറ്റിന്റെ ശേഷിക്കുന്ന തുക (50%) | നിർമ്മാണം 50% പൂർത്തീകരിച്ചതായി കോർപ്പറേഷൻ ചുമതലപ്പെടുത്തിയ എഞ്ചിനിയറുടെ സാക്ഷ്യപത്രത്തിന്റെ (Completion Certificate) അടിസ്ഥാനത്തിൽ നൽകുന്നു |

◆ മുന്നാക്ക സമുദായ കോർപ്പറന്റെ ബന്ധപ്പെട്ട കമ്മിറ്റി പദ്ധതിയുടെ പുരോഗതിയും ധനവിനിയോഗവും ഓരോ ഘട്ടത്തിലും വിലയിരുത്തേണ്ടതാണ്.

◆ തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റുകയോ കൈപ്പറ്റിയ ശേഷം അറ്റകുറ്റപ്പണികൾ നടത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം അനുവദിച്ച തുക 15% കൂട്ടുപലിശയും ചേർത്ത് തിരിച്ചടക്കേണ്ടതും പ്രസ്തുത പദ്ധതിയിലേയ്ക്ക് തുടർന്ന് അപേക്ഷിക്കാൻ അർഹനല്ലാതാകുന്നതുമാണ്.

പദ്ധതിയുടെ കൂടുതൽ വിശദാംശങ്ങൾ അനുബന്ധമായി ചുവടെ ചേർക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എം.ജി.രഞ്ജിത് കുമാർ**
അഡീഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേർഡ് കമ്മ്യൂണിറ്റീസ് ലിമിറ്റഡ്, എൽ-2, കുലീന, ജവഹർ നഗർ, കവടിയാർ പി.ഒ, തിരുവനന്തപുരം - 3
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (അറിവിലേക്കായി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ